2024
MAY
25
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 94455 97621

## 8 സംസ്ഥാനങ്ങളിലെ 58 ലോക്സഭാ സീറ്റുകളിലേക്ക് പോളിങ് ഇന്ന്

**ന്യൂഡൽഹി:** ലോക്സഭാ തിരഞ്ഞെടുപ്പിൽ ആറാംഘട്ട വോട്ടെടുപ്പ് ഇന്ന്. 8 സംസ്ഥാനങ്ങളിലെ 58 ലോക്സഭാ സീറ്റുകളിലേക്കാണ് പോളിങ്. ഇതോടൊപ്പം ഒഡീഷയിലെ 42 നിയമസഭാ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പും നടക്കുന്നത്.

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ 5 ഘട്ടങ്ങൾ! പൂർത്തിയായപ്പോൾ 428 മണ്ഡലങ്ങളിലായി 66.39% പേർ വോട്ടു രേഖപ്പെടുത്തി. 2019 ൽ ഇത് 68%. 2024ൽ പോളിങ് ശതമാനത്തിൽ നേരിയ കുറവുണ്ടായിട്ടും ബൂത്തിലെത്തിയവരുടെ എണ്ണത്തിൽ വർധനയുണ്ടായി. ജൂൺ ഒന്നിനാണ് ഏഴാം ഘട്ട വോട്ടെടുപ്പ്. ജൂൺ നാലിന് ഫലപ്രഖ്യാപനം.

## ചൈനയിൽനിന്ന് 31 ക്രെയിനുകൾ എത്തി : വിഴിഞ്ഞത്ത് ആദ്യ വാണിജ്യ കപ്പൽ സെപ്റ്റംബറിൽ

**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും ആഴമുള്ള ട്രാൻസ്ഷിപ്മെന്റ് തുറമുഖം എന്നു വിശേഷിപ്പിക്കാവുന്ന വിഴിഞ്ഞം രാജ്യാന്തര തുറമുഖം സെപ്റ്റംബറിൽ വാണിജ്യ പ്രവർത്തനം ആരംഭിക്കാനിരിക്കെ, നിർമാണജോലികൾ ത്വരിതപ്പെടുത്താൻ സർക്കാർ. ആദ്യഘട്ട ബ്രേക്ക്വാട്ടർ (പുലിമുട്ട്) നിർമാണം പൂർണമായെന്നും ചൈനയിൽനിന്നു വരേണ്ട 32 ക്രെയിനുകളിൽ 31 എണ്ണം വന്നുവെന്നും തുറമുഖ മന്ത്രി വി.എൻ.വാസവൻ പറഞ്ഞു. ജൂൺ അവസാനത്തോടെ ട്രയൽറൺ നടത്തും. അദാനി ഗ്രൂപ്പിനുള്ള ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. റെയിൽ കണക്ടിവിറ്റി സുഗമമാക്കാൻ കൊങ്കൺ റെയിൽവേയുമായി ചർച്ച നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റിക്ക് ദേശീയപാതാ അതോറിറ്റിയുമായി ധാരണയായെന്നും മന്ത്രി പറഞ്ഞു.

പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങളുടെ പാരിസ്ഥിതിക അനുമതി നേടുന്നതിനായി സർക്കാർ നടപടികൾ ആരംഭിച്ചു. ബ്രേക്ക്വാട്ടർ (പുലിമുട്ട്), ബെർത്ത്, യാർഡ് എന്നിവയുടെ വിപുലപ്പെടുത്തൽ ഉൾപ്പെടെയാണിത്. പാരിസ്ഥിതിക അനുമതി ലഭിച്ചാൽ മാത്രമേ 9,540 കോടി രൂപ ചെലവു വരുന്ന ഈ ഘട്ടവുമായി മുന്നോട്ടുപോകാൻ അദാനി ഗ്രൂപ്പിന് കഴിയൂ.

### കേന്ദ്ര വൈദ്യുതി വിഹിതം സറണ്ടർ ചെയ്ത് കെഎസ്ഇബി

## വീണ്ടും 16 പൈസ കൂട്ടാൻ നീക്കം




**കൊച്ചി:** വൈദ്യുതി മിച്ചമായ ജൂണിലും അധിക വിലയ്ക്കു കെഎസ്ഇബി വൈദ്യുതി വാങ്ങുന്നതു മൂലം യൂണിറ്റിന് 16 പൈസ നിരക്കു വർധനയ്ക്കു സാധ്യത. യൂണിറ്റിന് 1.35 രൂപ മുതൽ 2.70 രൂപയ്ക്കു വരെ ലഭിക്കുന്ന കേന്ദ്ര വൈദ്യുതി വിഹിതം സറണ്ടർ ചെയ്തിട്ടാണു ജൂണിലേക്കു യൂണിറ്റിന് 6.50 രൂപ നിരക്കിലും മേയിലേക്കു യൂണിറ്റിനു 9.60 രൂപ നിരക്കിലും വൈദ്യുതി വാങ്ങാൻ കെഎസ്ഇബി കരാർ ഒപ്പിട്ടത്. വൈദ്യുതി കരാറിലെ നഷ്ടം സംബന്ധിച്ചു മന്ത്രി കെ. കൃഷ്ണൻകുട്ടി വിശദീകരണം ആവശ്യപ്പെട്ടതിനെത്തുടർന്നു കെഎസ്ഇബി പ്രസരണ വിഭാഗം ഡയറക്ടർ ഇന്നലെ രാത്രി മന്ത്രിയുടെ ഓഫിസിനു റിപ്പോർട്ട് കൈമാറി.

ഈ മാസം 22 വരെ 55.19 ദശലക്ഷം യൂണിറ്റ് കേന്ദ്ര വൈദ്യുതി വിഹിതം കെഎസ്ഇബി സറണ്ടർ ചെയ്തു. ഇതിനു പുറമേ 51 ദശലക്ഷം യൂണിറ്റ് വൈദ്യുതി വിൽക്കുകയും ചെയ്തു. കരാർ പ്രകാരം 2 മാസത്തേക്ക് വൈദ്യുതി വാങ്ങാൻ 400 കോടി രൂപയോളം നൽകണം. കേന്ദ്ര വൈദ്യുതി സറണ്ടർ ചെയ്യുമ്പോൾ വില നൽകേണ്ടെങ്കിലും ഫിക്സഡ് ചാർജ് നൽകണം.

കാലാവസ്ഥ നിരീക്ഷണ കേന്ദ്രം ശക്തമായ കാലവർഷം പ്രവചിച്ചിട്ടും, കൊടും ചൂടുകാലത്തെ ഉപയോഗത്തിന്റെ അതേ നിരക്കിൽ മേയ്, ജൂൺ മാസത്തേക്കു വൈദ്യുതി വാങ്ങൽ കരാറുണ്ടാക്കിയ ബോർഡ്, ഉപയോക്താക്കളുടെ മേൽ വയ്ക്കുന്നത് 400 കോടി രൂപയുടെ ബാധ്യത. ഇതു 'ട്രൂയിങ് അപ്' പെറ്റീഷൻ ആയി റെഗുലേറ്ററി കമ്മിഷനു സമർപ്പിച്ച് അംഗീകരിപ്പിക്കുകയാണു ബോർഡിന്റെ രീതി. എന്നാൽ സർക്കാരിന്റെയോ റെഗുലേറ്ററി കമ്മിഷന്റെയോ അനുമതിയില്ലാതെയാണു ബോർഡ് കരാറുണ്ടാക്കിയത്.

മഴ പെയ്ത് ഉപയോഗം കുറഞ്ഞതോടെ ഈ മാസം എനർജി എക്സ്ചേഞ്ചിൽ യൂണിറ്റിനു ശരാശരി 4.50 രൂപയ്ക്കു വരെ വൈദ്യുതി ലഭിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കെഎസ്ഇബിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വൈദ്യുതി ഉപയോഗം രേഖപ്പെടുത്തിയത് ഈ മാസം 3 നാണ്. 115.96 ദശലക്ഷം യൂണിറ്റ്. എന്നാൽ ഈ മാസം 22 ന് ഉപയോഗം 80.60 ശലക്ഷം യൂണിറ്റ് ആയി കുറഞ്ഞു. ഇതു മുൻ കൂട്ടി കാണാതെയാണു കൂടിയ വിലയ്ക്കു വൈദ്യുതി വാങ്ങാൻ കെഎസ്ഇബി കരാറുണ്ടാക്കിയത്.

## ഡ്രൈവിങ് സ്കൂളുകൾ തുടങ്ങാൻ കെഎസ്ആർടിസി

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഡ്രൈവിങ് പരിശീലനത്തിനായി കെഎസ്ആർടിസിയുടെ ഡ്രൈവിങ് സ്കൂളുകൾ അടുത്ത മാസം പ്രവർത്തനം ആരംഭിക്കും. തിരുവനന്തപുരത്താണ് ആദ്യ സ്കൂൾ. ജൂൺ ആദ്യവാരം പരിശീലനം ആരംഭിക്കാനാണ് ആലോചന. പിന്നാലെ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലും പരിശീലനം ആരംഭിക്കും.




അതേസമയം, ഡ്രൈവിങ് ടെസ്റ്റ് കർക്കശമാക്കിയതോടെ അതിനു പങ്കെടുക്കാൻ എത്തുന്നവരുടെ എണ്ണത്തിൽ മൂന്നിലൊന്ന് കുറവുണ്ടായിട്ടുള്ളതായാണ് വിവരം. സംസ്ഥാനത്ത് ശരാശരി 6,000 ടെസ്റ്റ് നടക്കേണ്ടിടത്ത് കഴിഞ്ഞ ദിവസം 2,431 പേരാണ് പങ്കെടുത്തത്. സമയം അനുവദിച്ചിട്ടും പലരും എത്താത്തത് ടെസ്റ്റ് കർക്കശമാക്കിയതോടെ തോൽക്കുമെന്ന ഭയത്താലാണെന്നാണ് വിലയിരുത്തൽ.

അതിനിടെ ടെസ്റ്റ് പരിഷ്കാരം സംബന്ധിച്ച ഡ്രൈവിങ് സ്കൂൾ ഉടമകളുടെ സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവിറങ്ങി. ഡ്രൈവിങ് പഠിക്കാനും ലൈസൻസ് എടുക്കാനും ഡ്രൈവിങ് സ്കൂളുകൾ നിർബന്ധമല്ലെന്ന നിലപാടിലാണ് സർക്കാർ.

ഏതൊരാൾക്കും സ്വന്തമായി വാഹനം ഓടിച്ചു പഠിക്കാനും ടെസ്റ്റിന് അപേക്ഷിക്കാനും സ്വന്തം വാഹനത്തിൽ ടെസ്റ്റിന് ഹാജരാകാനുമുള്ള അവസരം ഉറപ്പുവരുത്തി ടെസ്റ്റിങ് വ്യവസ്ഥകൾ പുതുക്കിയാണ് ഉത്തരവിറക്കിയത്.

സ്വന്തം വാഹനം ടെസ്റ്റിന് ഉപയോഗിക്കാനുള്ള അനുമതി നിലവിലുള്ളതാണെങ്കിലും സ്വന്തമായുള്ള ഡ്രൈവിങ് പഠനം മുൻ ഉത്തരവുകളിൽ കാര്യമായി പരാമർശിച്ചിരുന്നില്ല. ടെസ്റ്റ് പരിഷ്കരണത്തെ സ്കൂളുകാരും ജീവനക്കാരും എതിർക്കുന്ന പശ്ചാത്തലത്തിൽ ഇറക്കിയ ഉത്തരവിലാണ് സ്വയം പഠനം പ്രോത്സാഹിപ്പിക്കുന്നതെന്നതും ശ്രദ്ധേയം.

ലേണേഴ്സ് ലൈസൻസ് എടുത്ത വ്യക്തിക്ക് ലൈസൻസുള്ള ഒരാളുടെ സാന്നിധ്യത്തിൽ ഡ്രൈവിങ് പരിശീലിക്കാം. സ്കൂൾ വഴിയാണെങ്കിൽ അംഗീകൃത പരിശീലകൻ തന്നെ പഠിതാക്കളുമായി ഡ്രൈവിങ് ടെസ്റ്റിന് എത്തണമെന്ന വ്യവസ്ഥയും കർശനമാക്കി



### ചിലവന്നൂർ ബണ്ട് റോഡ് പാലം പുനർനിർമ്മാണം

# മെയ് 27 മുതൽ രണ്ടാഴ്ച്ച ഗതാഗത നിയന്ത്രണം

**കൊച്ചി:** കെഎംആർഎല്ലിന്റെ നേതൃത്വത്തിൽ ചിലവന്നൂർ ബണ്ട് റോഡ് പാലം പുനർനിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി കനാലിന്റെ വീതിയും ആഴവും വർദ്ധിപ്പിക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്.

മെയ് 27 മുതൽ പാലം പുനർനിർമ്മാണത്തിന്റെ ഭാഗമായി പൈലുകളുടെ, ലോഡ് ടെസ്റ്റിംഗ് നടപടികൾ ആരംഭിക്കുന്നതിനാൽ പാലത്തിലൂടെ കടന്നു പോകുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. മെയ് 27 മുതൽ രണ്ടാഴ്ച്ച കാലയളവിൽ പാലത്തിലൂടെയുള്ള ഗതാഗതം പൂർണമായി നിരോധിക്കുന്നതായിരിക്കും.ചിലവന്നൂർ ഭാഗത്ത് നിന്ന് തൈക്കൂടം ഭാഗത്തേക്ക് വരുന്ന വാഹനങ്ങൾ ചിലവന്നൂർ റോഡ് വഴി സഹോദരൻ അയ്യപ്പൻ റോഡിലേക്കും ജനതാ റോഡിലേക്കും പോകേണ്ടതാണ്. ഭാരവാഹനങ്ങൾ കെ.പി.വള്ളോൻ റോഡ് വഴി ചിലവന്നൂർ ഭാഗത്തേക്ക് പോകണമെന്നാണ് നിർദ്ദേശം. തൈക്കൂടം ഭാഗത്ത് നിന്ന് വരുന്ന വാഹനങ്ങൾ ജനതാ റോഡ് അല്ലെങ്കിൽ ബൈപ്പാസ് വഴി സഹോദരൻ അയ്യപ്പൻ റോഡിലേക്കും ചിലവന്നൂർ ഭാഗത്തേക്കും പോകണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ തീരുന്നത് വരെ ഈ മേഖലയിൽ മേൽപ്പറഞ്ഞ രീതിയിൽ ഗതാഗതം വഴിതിരിച്ച് വിടുന്നതാണ്.

# ഫെനെസ്റ്റ കോഴിക്കോട് പുതിയ ഷോറൂം തുറന്നു

**കോഴിക്കോട്:** വിൻഡോസ്, ഡോർസ് ബ്രാൻഡായ ഫെനെസ്റ്റ പുതിയ ഷോറൂം തുറന്ന് റീട്ടെയ്ൽ സാന്നിധ്യം വിപുലീകരിച്ചു. കോഴിക്കോട് വികെ ടവർ, സിവിൽ സ്റ്റേഷൻ, വയനാട് റോഡ്, എരഞ്ഞിപ്പാലം, കോഴിക്കോട് എന്ന വിലാസത്തിലാണ് സ്റ്റുഡിയോ 772 എന്ന എക്സ്ക്ലൂസീവ് ഷോറൂം സ്ഥിതി ചെയ്യുന്നത്. ഏറ്റവും മികച്ച അലൂമിനിയം ജനാലകൾ, വാതിലുകൾ, യുപിവിസി ജനാലകൾ, വാതിലുകൾ, സോളിഡ് പാനൽ ഡോറുകൾ എന്നിവ ഈ എക്സ്ക്ലൂസീവ് ഷോറൂമിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കും.തങ്ങളുടെ ഉപഭോക്താക്കൾക്ക് വിപുലമായ ഉൽപ്പന്ന നിര പരിചയപ്പെടാനും തിരഞ്ഞെടുക്കാനും അവസരം പുതിയ ഷോറൂമിൽ ലഭിക്കുന്നുവെന്ന് ഫെനെസ്റ്റ ബിസിനസ് ഹെഡ് സാകേത് ജെയിൻ പറഞ്ഞു.



**ഡോ. ദിവേഷ് ഗാർഗിന് ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ കലൂർ ഐ.എം.എ ഹൗസിൽ ചേർന്ന യോഗത്തിൽ മെഴുകുതിരികൾ കത്തിച്ച് ആദരാജ്ഞലി അർപ്പിച്ചപ്പോൾ**

# ജൂനിയർ ഡോക്ടറുടെ മരണം: നാഷണൽ മെഡിക്കൽ കൗൺസിൽ റെഗുലേഷൻസ് അടിയന്തിരമായി നടപ്പാക്കണമെന്ന് ഐഎംഎ കൊച്ചി

**കൊച്ചി:** നാഷണൽ മെഡിക്കൽ കൗൺസിലിന്റെ (എൻഎംസി) റെഗുലേഷൻസ് അടിയന്തിരമായി നടപ്പാക്കണമെന്ന് ഐഎംഎ കൊച്ചി ആവശ്യപ്പെട്ടു. ആവശ്യത്തിന് വിശ്രമം ലഭിക്കാതെ ജോലിചെയ്യേണ്ടിവന്നതിനെ തുടർന്ന് മാനസിക സംഘർഷം താങ്ങാനാവാതെ ഡെറാഡൂൺ എസ്ജിആർആർ മെഡിക്കൽ കോളജിലെ ഒന്നാംവർഷ പീഡിയാട്രിക് പിജി വിദ്യാർഥി ഡോ. ദിവേഷ് ഗാർഗ് ആത്മഹത്യ ചെയ്ത സംഭവത്തിൽ ജൂനിയർ ഡോക്ടർമാരും മെഡിക്കൽ വിദ്യാർത്ഥികളും നടത്തുന്ന പ്രതിഷേധ സമരത്തിന് ഐ.എം.എ കൊച്ചിയും ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി കലൂർ ഐ.എം.എ ഹൗസിൽ ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം. എം ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നഗരത്തിലെ ആരോഗ്യ പ്രവർത്തകർ മെഴുകുതിരികൾ കത്തിച്ച് പ്രതിഷേധിച്ചു.




# നികുതിദായകരെ ശത്രുക്കളായി കാണരുത്: മനോജ് കെ അറോറ

**കൊച്ചി:** നികുതിദായകരും നികുതി പിരിവുകാരും പരസ്പരം ശത്രുപക്ഷത്ത് നിൽകേണ്ടവരല്ലെന്നും ഊഷ്മളമായ പങ്കാളിത്തമാണ് ആവശ്യമെന്നും സിജിഎസ്ടി ആൻഡ് കസ്റ്റംസ് തിരുവനന്തപുരം മേഖലാ ചീഫ് കമ്മീഷണർ മനോജ് കെ അറോറ. നികുതിദായകരെ ശത്രുക്കളായി കാണരുതെന്നും സർക്കാരിന്റെ വികസന പ്രവർത്തനങ്ങളിലെയും ദൈനംദിന പ്രവർത്തനങ്ങളിലെയും പങ്കാളികളാണ് അവരെന്ന ഉത്തമബോധ്യമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) എറണാകുളം ബ്രാഞ്ച് സംഘടിപ്പിച്ച ദ്വിദിന ദേശീയ ജിഎസ്ടി ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മനോജ് അറോറ.

ചാർട്ടേർഡ് അക്കൗണ്ടൻറുമാർക്ക് വലിയ ഉത്തരവാദിത്വമുണ്ട്. ജിഎസ്ടി വിജയകരമായി നടപ്പാക്കുന്നതിൽ സിഎമാരുടെ അത്യധ്വാനമുണ്ട്. സമീപകാലത്ത് നടപ്പാക്കാൻ ഏറെ ബുദ്ധിമുട്ടിയ നിയമമായിരുന്നു ജിഎസ്ടി. വിവിധ സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരുമായി നിരവധി തവണ ചർച്ച ചെയ്ത ശേഷമാണ് ജിഎസ്ടി വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞത്. വിവരസാങ്കേതിക വിദ്യയുടെ സങ്കീർണമായ ശൃംഖലയാണ് ജിഎസ്ടി സംവിധാനത്തിലുള്ളത്. അതിവേഗം വളരുന്ന വിവരസാങ്കേതിക വിദ്യയിൽ അഗാധവും ചടുലവുമായ പരിജ്ഞാനം ആർജിക്കണമെന്ന് അദ്ദേഹം ചാർട്ടേഡ് അക്കൗണ്ടൻറുമാരെ ഉപദേശിച്ചു. എത്രവേഗം സാങ്കേതിക വിദ്യകളെ കുറിച്ച് അപ്ഡേറ്റ് ആകുന്നോ അത്രയും ജോലി എളുപ്പമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നികുതിദായകർക്ക് കുറുക്കുവഴികൾ ഉപദേശിക്കരുതെന്നും നികുതി വെട്ടിപ്പിനോ എന്തെങ്കിലും കൃത്രിമം കാണിക്കാനോ നികുതിദായകർക്ക് ഒരവസരം പോലും നൽകരുതെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.ഐസിഎഐ ജിഎസ്ടി ആൻഡ് ഇൻഡയറക്റ്റ് ടാക്സസ് കമ്മിറ്റി വൈസ് ചെയർമാൻ പി.രാജേന്ദ്രകുമാർ അധ്യക്ഷത വഹിച്ചു. എറണാകുളം ബ്രാഞ്ച് ചെയർമാൻ എ.സലിം, റീജിയണൽ കൗൺസിൽ അംഗം പി.സതീശൻ, സെക്രട്ടറി ജോബി ജോർജ് എന്നിവർ പങ്കെടുത്തു. പി. രാജേന്ദ്രകുമാർ (ചെന്നൈ), എ.ജതിൻ ക്രിസ്റ്റഫർ (ബെംഗളൂരു), ശങ്കര നാരായണൻ (ചെന്നൈ), അഡ്വ.ജി. ശിവദാസ് (ബെംഗളൂരു), ഷെയ്ഖ് അബ്ദുൾ സമദ് (ചെന്നൈ), ശ്രാവൺ ഗെഹ്ലോട്ട് (ചെന്നൈ) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ളാസുകൾ നയിച്ചു. ശിൽപശാല ഇന്ന് (ശനി) സമാപിക്കും.

---

# ജാവ യെസ്ഡി ഓൾന്യൂ 42 ബോബർ റെഡ് ഷീൻ അവതരിപ്പിച്ചു

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർ സൈക്കിൾസ് ഏറ്റവും പുതിയ ജാവ 42 ബോബർ റെഡ് ഷീൻ പുറത്തിറക്കി. മുംബൈയിൽ നടന്ന ഓൾ യു കാൻ സ്ട്രീറ്റ് ഫെസ്റ്റിവലിൽ അവതരിപ്പിച്ച ജാവ 42 ബോബർ റെഡ് ഷീൻ മോഡലിന് 2,29,500 രൂപയാണ് ഡൽഹി എക്സ്ഷോറൂം വില. ജനപ്രിയ ബ്ലാക്ക് മിറർ പതിപ്പിന് അനുസൃതമായാണ് റെഡ് ഷീൻ എത്തുന്നത്.ജാവ 42 ബോബറിന്റെ വിജയത്തെത്തുടർന്നാണ് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് അതിന്റെ ബോബർ സെഗ്മെന്റ് നിര വിപുലീകരിക്കുന്നത്. ടാങ്കിലും ഡയമണ്ട് കട്ട് അലോയ് വീലുകളിലും ക്രോം ഫിനിഷിങ്, 29.9 പിഎസും 30 എന്എം ടോർക്കും നല്കുന്ന ശക്തമായ 334 സിസി ലിക്വിഡ് കൂൾഡ് എഞ്ചിൻ, 6 സ്പീഡ് ഗിയർ ബോക്സ്, അസിസ്റ്റ് ആൻഡ് സ്ലിപ്പ് ക്ലച്ച്, സെവൻസ്റ്റെപ്പ് പ്രീലോഡ് അഡ്ജസ്റ്റബിൾ റിയർ മോണോഷോക്ക്, ടുസ്റ്റെപ്പ് അഡ്ജസ്റ്റബിൾ



സീറ്റ്, യുഎസ്ബി ചാർജിങ് പോർട്ട്, ഡിജിറ്റൽ കൺസോൾ, ഫുൾ എൽഇഡി ലൈറ്റിങ് എന്നിവയാണ് 42 ബോബർ റെഡ് ഷീനിന്റെ പ്രത്യേകതകൾ.അസാധാരണമായ വിജയമാണ് ജാവ 42 ബോബർ നേടിയതെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ ആശിഷ് സിങ് ജോഷി പറഞ്ഞു.

# ഓഹരി വിപണിയിലെ അനിശ്ചിതത്വങ്ങളും അവസരങ്ങളും വിലയിരുത്തണം


മനീഷ് ഗുൻവാനി




സാമ്പത്തിക വർഷത്തിന്റെ രണ്ടാം മാസത്തിലേക്ക് കടക്കുമ്പോൾ, ആഗോള ഓഹരി വിപണിയിലെ അനിശ്ചിതത്വങ്ങളും അവസരങ്ങളും വിലയിരുത്തേണ്ടത് നിർണായകമാണെന്ന് ബന്ധൻ മ്യൂച്ചൽ ഫണ്ടിലെ ഇക്വിറ്റീസ് മേധാവി മനീഷ് ഗുൻവാനി ചൂണ്ടിക്കാട്ടുന്നു. ആഗോള സാമ്പത്തിക രംഗത്തും ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങൾ വിപണിയിലുണ്ടാക്കുന്ന സ്വാധീനം മുൻകൂട്ടി കണ്ടു വേണം സുരക്ഷിത ഭാവിക്കായി അനുയോജ്യമായ പോർട്ട്ഫോളിയോ തന്ത്രങ്ങൾ ഉണ്ടാക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

2024ൽ ആഗോള സമ്പദ്വ്യവസ്ഥ നേരിടാനിടയുള്ള മൂന്ന് സാഹചര്യങ്ങളാണുള്ളത്. ഒന്ന് സോഫ്റ്റ് ലാൻഡിംഗ് ("1994-95" സൈക്കിൾ) ആണ്. കടുത്ത സാമ്പത്തിക മാന്ദ്യത്തിലേക്ക് കൂപ്പുകുത്താതെ സാവധാനത്തിലുള്ള സാമ്പത്തിക മാന്ദ്യമാണിത്. 2023ൽ ആഗോള സമ്പദ്വ്യവസ്ഥ പ്രകടിപ്പിച്ച പ്രതിരോധശേഷിക്ക് തുടർച്ചയായി, വളർച്ചയ്ക്കു ആഘാതമാകാതെ പണപ്പെരുപ്പം കുറഞ്ഞ് ഒരു സോഫ്റ്റ് ലാൻഡിങിന് സാധ്യതയുണ്ട്. സമ്പദ്വ്യവസ്ഥയെ പിന്താങ്ങാൻ കുറഞ്ഞ പലിശ നിരക്ക് ('1945-50' സൈക്കിൾ) ആണ് രണ്ടാമതായി ഏറ്റവും സാധ്യതയേറിയ മറ്റൊരു സാഹചര്യം. കേന്ദ്ര ബാങ്കുകൾ കൂടുതൽ ദുഷ്കരമായ നിലപാടെടുക്കുയാണെങ്കിൽ, പണപ്പെരുപ്പത്തിന്റെ സ്വാധീനം കുറയ്ക്കുന്നതിനായി പലിശനിരക്ക് നെഗറ്റീവ് നിരക്കിലേക്ക് വരെ കുറച്ച് ക്രമീകരിച്ചേക്കാം. മൂന്നാമത്തെ സാഹചര്യം പണപ്പെരുപ്പത്തിന്റെ പുനരുജ്ജീവനം ("1973-79" സൈക്കിൾ) ആണ്. സാധ്യത കുറവാണെങ്കിലും, വിതരണ ശൃംഖലയുടെ അപര്യാപ്തതയും വേതന സമ്മർദ്ദവും പണപ്പെരുപ്പം ഉയരുന്നതിലേക്ക് എന്നിരുന്നാലും, ദുർബലമായ ആഗോള ഡിമാൻഡും ചരക്ക് വിലയും സുസ്ഥിരമായ പണപ്പെരുപ്പ അപകടസാധ്യതകൾ ലഘൂകരിക്കുന്നു. അതേസമയം പണപ്പെരുപ്പം നിലനിൽക്കും പലിശനിരക്ക് ഉയരുകയും ചെയ്യുകയാണെങ്കിൽ അത് ഇക്വിറ്റികളെ നെഗറ്റീവായി ബാധിച്ചേക്കാമെന്നും മനീഷ് ഗുൻവാനി ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വിവിധ വിഭാഗങ്ങളെടുത്തു നോക്കിയാൽ ലഭിക്കുന്നത് ശുഭാപ്തി വിശ്വാസം പകരുന്ന ഒരു ചിത്രമാണെന്ന് ഗുൻവാനി പറഞ്ഞു. റിയൽ എസ്റ്റേറ്റ്, റീട്ടെയിൽ, ഹോട്ടലുകൾ, വ്യോമയാനം തുടങ്ങിയ സമ്പന്ന ഉപഭോഗം കരുത്തുറ്റ നിലയിലാണ്. എന്നാൽ ഉയർന്ന പലിശ നിരക്കും ഡിമാൻഡ് മന്ദഗതിയിലാകുന്നതും വെല്ലുവിളികളാണ്. മധ്യവർഗഗ്രാമീണ ഉപഭോഗം ദുർബലമാണെങ്കിലും മെച്ചപ്പെട്ടു വരുന്നുണ്ട്. സ്വകാര്യ നിക്ഷേപങ്ങൾ ഘടനാപരമായി പോസിറ്റീവാണ്. കരുത്തുറ്റ നിലയിലാണെങ്കിലും ആഗോള മാറ്റങ്ങൾ ഭീഷണിയായി തുടരുന്നു. സർക്കാരിന്റെ ചെലവഴിക്കലും മൂലധന ചെലവുകളെ പിന്തുണച്ചിട്ടുണ്ട്. എങ്കിലും അടുത്ത രണ്ടു വർഷത്തിൽ ഇത് ദുർബലമാകാനിടയുണ്ട്.ഇക്വിറ്റികളുടെ കാര്യത്തിൽ തന്ത്രപരമായ പോർട്ട്ഫോളിയോ തീരുമാനങ്ങൾ നിർണായകമാണ്. ആഗോള സമ്പദ്വ്യവസ്ഥ സോഫ്റ്റ് ലാൻഡിംഗിനെ അഭിമുഖീകരിക്കുമ്പോൾ, പണനയം കടുപ്പിക്കുന്നത് ആശങ്കയായി തുടരുന്നു. രൂപയുടെ മൂല്യത്തകർച്ച കയറ്റുമതിക്കാരുടെ മാർജിനുകളെ ബാധിക്കുന്നുണ്ടെങ്കിലും, ആഭ്യന്തര രംഗത്ത് പ്രതിരോധശേഷിയുള്ള സമ്പദ് വ്യവസ്ഥയും അനുകൂലമായ കറൻസി ചലനാത്മകതയും പ്രയോജനകരമാണ്. സാമ്പത്തികം, ഊർജ്ജം പോലുള്ള മേഖലകളിൽ മൂല്യ വ്യാപാര അവസരങ്ങളുണ്ട്. ഇന്റർനെറ്റ്, ഇൻഷുറൻസ് തുടങ്ങിയ മേഖലകളിലെ ഗുണമേന്മയുള്ള വളർച്ചാ സ്റ്റോക്കുകൾ ന്യായമായ മൂല്യമുള്ളവയാണ്. സ്മോൾ ക്യാപ്സ് ആരോഗ്യകരമായ വരുമാനം വാഗ്ദാനം ചെയ്യുന്നു. 2024 ലെ അനിശ്ചിതത്വങ്ങൾ മറികടക്കുന്നതിൽ, വൈവിധ്യമാർന്ന പോർട്ട്ഫോളിയോകളും അറിവുള്ള മാനേജ്മെന്റും ദീർഘകാല വളർച്ചയ്ക്ക് വളരെ പ്രധാനമാണെന്നും മനീഷ് ഗുൻവാനി പറഞ്ഞു.

# 99.17% ക്ലെയിം സെറ്റിൽമെന്റ് അനുപാതവുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്

**തൃശൂർ:** 2024 സാമ്പത്തിക വർഷത്തിൽ 99.17% ക്ലെയിം സെറ്റിൽമെന്റ് അനുപാതവുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്. വ്യവസായത്തിലെ ഏറ്റവും മികച്ച ക്ലെയിം സെറ്റിൽമെന്റ് അനുപാതമാണിതെന്ന് ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമിഷ് ബാങ്കർ പറഞ്ഞു. 2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ, ഡെത്ത് ക്ലെയിമുകൾക്കായി കമ്പനി മൊത്തം 1,867 കോടി രൂപയാണ് നൽകിയത്. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 97.94% ആയിരുന്നു കമ്പനിയുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം. രണ്ടാം പാദത്തിൽ ഇത് 98.14% ആയും, മൂന്നാം പാദത്തിൽ ഇത് 98.52% ആയും ഉയർന്നു. ക്ലെയിമുകൾ പരിഹരിക്കുന്നതിലെ സ്ഥിരതയാണ് ഇത് എടുത്തുകാട്ടുന്നത്. ക്ലെയിമുകൾക്കും, നോമിനി ക്ലെയിമുകൾക്കും തടസമില്ലാതെ തന്നെ വാട്സ്ആപ്പ് പോലുള്ള ഡിജിറ്റൽ ടച്ച് പോയിന്റുകളും കമ്പനിയുടെ മൊബൈൽ ആപ്പും ഉപയോഗിച്ച് ക്ലെയിമുകൾ രേഖപ്പെടുത്താനും ട്രാക്ക് ചെയ്യാനും കഴിയും. ക്ലെയിം സംബന്ധമായ രേഖകളുടെ ഹോം പിക്ക്അപ്പ് സേവനവും കമ്പനി നൽകുന്നു. ലൈഫ് ഇൻഷുറൻസ് കുടുംബത്തിന് സാമ്പത്തിക സുരക്ഷിതത്വം നൽകുന്നുവെന്നും, അതിനാൽ എല്ലാ യഥാർഥ ക്ലെയിമുകളും വേഗത്തിൽ തീർപ്പാക്കുമെന്ന് ഞങ്ങൾ ഉറപ്പാക്കുന്നുവെന്നും അമിഷ് ബാങ്കർ പറഞ്ഞു.

# ലോ കോളജിൽ നാഷണൽ കോൺഫ്രൻസ്

**കൊച്ചി:** മാറുന്ന ഇന്ത്യയിലെ ഭരണഘടന' എന്ന വിഷയത്തിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജ് മെയ് 29,30,31 തീയതികളിൽ നാഷണൽ കോൺഫറൻസ് സംഘടിപ്പിക്കുന്നു.ലോ കോളേജിന്റെ 150ാം വാർഷികത്തോടനുബന്ധിച്ചാണ് കോളേജ് യൂണിയന്റെയും ഭഗത് സിംഗ് സ്റ്റഡി സർക്കിളിന്റെയും ലോ ജേണൽ ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ കോൺഫറൻസ് നടക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും അധ്യാപകരും അഭിഭാഷകരും അടങ്ങിയവർ സമ്മേളനത്തിൽ പേപ്പർ അവതരിപ്പിക്കും. ലോ കോളജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനം മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജ് കെ എം ജോസഫ് മുഖ്യാതിഥി ആയിരിക്കും. സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകയും ആദ്യ വനിതാ അഡീഷണൽ സോളിസിറ്റർ ജനറലും ആയ ഇന്ദിരാ ജയ്സിംഗ്, നിയമ വിദഗ്ധരായ പ്രൊഫസർ ഡോക്ടർ ജി മോഹൻ ഗോപാൽ, ഡോക്ടർ കെ സി സണ്ണി തുടങ്ങിയവരും പങ്കെടുക്കു. പ്രസ്തുത തീയതികളിൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ആയിരിക്കും ഈ മൂന്ന് ദിന കോൺഫറൻസ് നടക്കുക.രജിസ്ട്രേഷൻ ഫോമും മറ്റ് വിവരങ്ങളും www.glcelawjournal.com/ എന്ന സൈറ്റിൽ ലഭ്യമാണ്.



# ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** സ്വാതന്ത്ര്യ സമര പോരാട്ടത്തിലെ അറിയപ്പെടാത്ത ഏടുകളെക്കുറിച്ച് ഐഐഎം സമ്പൽപൂർ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചുമായി (ഐസിഎസ്എസ്ആർ) സഹകരിച്ച് ദേശീയ ശിൽപശാല സംഘടിപ്പിച്ചു. സ്വാതന്ത്ര്യ സമരത്തിലെ അറിയപ്പെടാത്ത ഏടുകളെക്കുറിച്ചും ഒഡിഷയുടെ പശ്ചിമ ഭാഗത്തിന്റെ സാംസ്ക്കാരിക പാരമ്പര്യത്തെ കുറിച്ചും സുസ്ഥിര ആസൂത്രണത്തെക്കുറിച്ചുമുള്ള ഏകദിന ശിൽപശാലയാണ് രംഗവതി കേന്ദ്രത്തിൽ നടത്തിയത്. ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദിയോ ജെയ്സ്വാൾ ഉദ്ഘാടനം ചെയ്തു. സമ്പർപൂർ സർവകലാശാലാ ചാൻസിലർ പ്രൊഫ. ബിധു ഭൂഷൺ മിശ്ര മുഖ്യാതിഥിയായി. മറ്റു പല ബിസിനസ് സ്കൂളുകളും കോർപ്പറേറ്റ് ബ്രാൻഡുകളിൽ മാത്രം ശ്രദ്ധ പതിപ്പിക്കുമ്പോൾ തങ്ങൾ പ്രാദേശിക പാരമ്പര്യത്തെ ആഗോള തലത്തിലേക്ക് ഉയർത്താനും ശ്രമിക്കുകയാണെന്ന് പ്രൊഫ. മഹാദിയോ ജെയ്സ്വാൾ പറഞ്ഞു.



# റോബോട്ടിക് ഗൈനക്കോളജി കോൺക്ലേവ്

**അങ്കമാലി:** റോബോട്ടിക് ഗൈനക്കോളജി കോൺക്ലേവ് സംഘടിപ്പിച്ച് അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ. അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഏകദിന കോൺക്ലേവിൽ മിനിമലി ഇൻവേസീവ് ഗൈനക്കോളജി റോബോട്ടിക് ആൻഡ് ലാപ്രോസ്കോപ്പിക് സർജൻ ലീഡ് കൺസൾട്ടന്റായ ഡോ. ഊർമിള സോമൻ അധ്യക്ഷയാകും. രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ നീണ്ടു നിൽക്കുന്ന കോൺക്ലേവിൽ വിദഗ്ദ ഡോക്ടർമാർ  റോബോട്ടിക് സർജറിയെക്കുറിച്ച് സംസാരിക്കും.ഒപ്പം ഈ മേഖലയിലെ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ശിൽപ്പശാലകളും പാനൽ ഡിസ്കഷനും നടക്കും.ലൈവ് സിമുലേഷൻ സെഷനുകളും സംഘടിപ്പിക്കുന്നുണ്ട്. റോബോട്ടിക്  ശസ്ത്രക്രിയാ വിദഗ്ധർക്ക് അവരുടെ അറിവുകൾ പങ്കുവയ്ക്കാനും സാങ്കേതിക അവബോധം വളർത്താനും റോബോട്ടിക് ഗൈനക്കോളജിയുടെ ഏറ്റവും പുതിയ മാറ്റങ്ങളെക്കുറിച്ച് സംവദിക്കാനുമുള്ള ഒരു പ്രധാന വേദിയാകും കോൺക്ലേവ് എന്നാണ് വിലയിരുത്തപ്പെടുന്നത്.

# കാഴ്ച പരിമിതരുടെ ക്രിക്കറ്റ്: സിഎബികെ ഈഗിൾസ് ജേതാക്കൾ

**കൊച്ചി :** കാഴ്ചപരിമിതരുടെ 11ാം എഡിഷൻ ഓൾ കേരള ക്രിക്കറ്റ് ടൂർണമെന്റിൽ സിഎബികെ ഈഗിൾസ് വിജയികൾ. മഴ മൂലം മാറ്റിവച്ച മത്സരത്തിൽ ബൗൾ ഔട്ടിലൂടെയാണ് വിജയികളെ തിരഞ്ഞെടുത്തത്. ടൂർണമെന്റിന്റെ ആദ്യ ദിനമായ ചൊവ്വാഴ്ച മാത്രമാണ് മത്സരം നടന്നത്.

തുടർന്നുള്ള ദിവസങ്ങളിൽ  മഴയെത്തുടർന്ന് മത്സരങ്ങൾമാറ്റിവയ്ക്കുകയായിരുന്നു.നാവി ഷിപ്പിങ്ങ് കമ്പനി ചെയർമാൻ അജയ് തമ്പി, വാസൻ ഐ കെയർ സെന്റർ ഹെഡ് ഡോ.സുമിത്, ഹോളിഡെ ഇൻ എച്ച് ആർ മാനേജർ സുഗന്ധി, വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ വൈസ് പ്രസിഡന്റ് രജനീഷ് ഹെൻറി, സിഎബികെ പ്രസിഡന്റ് ജിനീഷ് പി, ജനറൽ സെക്രട്ടറി അനിൽകുമാർ കെ ആർ എന്നിവർ സമാപന ചടങ്ങിൽ പങ്കെടുത്തു.

# ഐഡൻറിറ്റിയിലും സ്ട്രാറ്റജിയിലും മാറ്റവുമായി സിയറ്റ്

**കൊച്ചി:** കമ്മ്യൂണിക്കേഷൻ ഐഡൻറിറ്റിയിലും സ്ട്രാറ്റജിയിലും മാറ്റവുമായി ഇന്ത്യയിലെ മുന്നിര ടയർ നിർമാതാക്കളായ സിയറ്റ്. ട്രാവൽ, എക്സ്പ്ലോറേഷൻ, അഡ്വഞ്ചർ എന്നിവ കൂടുതലായി ഇഷ്ടപ്പെടുന്ന പുതുതലമുറ ഉപഭോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ജീവിതരീതികളോടും മുൻഗണനകളോടും ഒത്തുപോകുന്നതാണ് പുതിയ മാറ്റമെന്ന് സിയറ്റ് ലിമിറ്റഡ് എംഡിയും സിഇഒയുമായ അർണബ് ബാനർജി പറഞ്ഞു.

പുതിയ ക്യാമ്പയിൻറെ ഭാഗമായുള്ള ആദ്യ പരസ്യത്തിൽ പ്രമുഖ ട്രാവൽ ഇൻഫ്ളുവൻസറായ ബൃന്ദ ശർമയാണ് എത്തുന്നത്.പുതിയ ക്യാമ്പയിൻറെ ഭാഗമായി ടാറ്റ ഐപിഎൽ സ്ട്രാറ്റജിക് ടൈംഔട്ട് ബോർഡിലും സിയറ്റ് മാറ്റം വരുത്തും.

ടാറ്റ ഐപിഎൽ സീസണിലെ അവശേഷിക്കുന്ന മത്സരങ്ങളിൽ പുതിയ മാറ്റം കാണാം. കഴിഞ്ഞ പത്തുവർഷമായി ഐപിഎലുമായി സിയറ്റ് സഹകരിക്കുന്നുണ്ട്. ടൈംഔട്ട് ബോർഡിലെ പരമ്പരാഗത നീല നിറം മാറുന്നതിനോടൊപ്പം, ഒരു ഇൻററാക്റ്റീവ് ക്യൂആർ കോഡും ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഐസിഎഐ കൊച്ചിൻ ചാപ്റ്റർ ഭാരവാഹികൾ

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടൻറ്സ് ഓഫ് ഇന്ത്യ കൊച്ചിൻ ചാപ്റ്റർ ചെയർപേഴ്സണായി മീന ജോർജ് സെക്രട്ടറിയായി ജോർജ് പി മാത്യു എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.



മീന ജോർജ് , ജോർജ് പി മാത്യു

മറ്റ് ഭാരവാഹികൾ: ആർ. രഞ്ജിനി (വൈസ് ചെയർപേഴ്സൺ), എസ് .അരുൺകുമാർ (ട്രഷറർ), ടി.വി തോമസ് (ഇമ്മീഡിയറ്റ് പാസ്റ്റ് ചെയർമാൻ), ഇ.ജി രജീഷ്, എസ് .മിനുശ്രീ (മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ).



# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ ഇന്റർവെൻഷൻ

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂറോളജി വിഭാഗത്തിന് കീഴിൽ ന്യൂറോ ഇന്റർവെൻഷൻ സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രാജ്യത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ന്യൂറോളജി വിഭാഗത്തിന് കീഴിൽ ന്യൂറോ ഇന്റർവെൻഷൻ സംവിധാനം സജ്ജമാക്കിയത്. തലച്ചോറ്, നട്ടെല്ല്, കഴുത്ത് എന്നീ ശരീര ഭാഗങ്ങളിലെ പ്രധാന രക്തക്കുഴലുകളിലെ രോഗാവസ്ഥ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഉപയോഗിക്കുന്ന സംവിധാനമാണ് ന്യൂറോ ഇന്റർവെൻഷൻ. ശസ്ത്രക്രിയയ്ക്ക് പകരം ഉപയോഗിക്കാവുന്ന ഒരു ചികിത്സാ സംവിധാനമാണിത്. ന്യൂറോ ഇന്റർവെൻഷന്റെ പരിശീലന കേന്ദ്രമായും മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി 2 വർഷത്തെ ന്യൂറോ ഇന്റർവെൻഷൻ ഫെലോഷിപ്പ് പ്രോഗ്രാമും നടത്തുന്നു. ഇതിലൂടെ വിദഗ്ധ ഡോക്ടർമാരെ സൃഷ്ടിക്കാനും സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സ്ട്രോക്ക് ബാധിച്ച് പ്രധാന രക്തക്കുഴലുകൾ അടയുമ്പോൾ കട്ടപിടിച്ച രക്തം എടുത്ത് മാറ്റുന്ന മെക്കാനിക്കൽ ത്രോമ്പക്ടമി ഉൾപ്പെടെയുള്ള സംവിധാനങ്ങളാണ് മെഡിക്കൽ കോളേജിലെ സമഗ്ര സ്ട്രോക്ക് സെന്ററിൽ സജ്ജമാക്കിവരുന്നത്. തലച്ചോറിലേക്കുള്ള വലിയ രക്തക്കുഴലിലെ ബ്ലോക്ക് മാറ്റുന്നതിനുള്ള മെക്കാനിക്കൽ ത്രോമ്പക്ടമി 24 മണിക്കൂറിനുള്ളിൽ ചെയ്യേണ്ടതാണ്. ശരീരം തളരാനും മരണം സംഭവിക്കാനുമുള്ള സാധ്യത പരമാവധി കുറച്ച് ജീവിതത്തിലേക്ക് തിരിച്ചെത്തിക്കാൻ ഇതിലൂടെ കഴിയും. ന്യൂറോ ഇന്റൻവെൻഷൻ സംവിധാനം വന്നതോടു കൂടി തിരുവനന്തപുരം മെഡിക്കൽ കോളേജ് സമഗ്ര സ്ട്രോക്ക് സെന്ററായി പൂർണമായി മാറിയിരിക്കുകയാണ്.


സ്ട്രോക്ക് ബാധിച്ച് ഗുരുതരാവസ്ഥയിലെത്തുന്ന രോഗികളുടെ തലച്ചോറിലെ സിടി ആൻജിയോഗ്രാം എടുക്കുവാനുള്ള സംവിധാനവും ന്യൂറോളജി വിഭാഗത്തിൽ ഈ കാലയളവിൽ സജ്ജമാക്കി. സ്ട്രോക്കിന്റെ ചികിത്സയായ രക്തം അലിയിക്കുന്ന ത്രോംബോലൈസിസും മെക്കാനിക്കൽ ത്രോമ്പക്ടമിയും കഴിഞ്ഞ രോഗികൾക്ക് തീവ്ര പരിചരണം നൽകുവാൻ 12 കിടക്കകളുള്ള സ്ട്രോക്ക് ഐസിയു സ്ഥാപിച്ചിട്ടുണ്ട്. തീവ്ര പരിചരണത്തിനിടയിൽ തലച്ചോറിൽ അമിതമായ നീർക്കെട്ടുണ്ടായാൽ ന്യൂറോസർജന്റെ സഹായത്തോടു കൂടി ഡികമ്പ്രസീവ് ക്രേനിയെക്ടമി ചെയ്യുവാനുള്ള സംവിധാനവുമുണ്ട്. ചെറിയ രീതിയിൽ സ്ട്രോക്ക് വന്നാൽ അതിന്റെ കാരണം കഴുത്തിലെ രക്തക്കുഴലുകളിലെ അടവ് കൊണ്ടാണെങ്കിൽ വാസ്ക്യുലർ സർജന്റെ സഹായത്തോട് കൂടി എന്റാർട്ട്റെക്ടമി ചെയ്യുവാനുള്ള സംവിധാനവും മെഡിക്കൽ കോളേജിലുണ്ട്.നൂതന സംവിധാനങ്ങളായ ന്യൂറോ ഇന്റർവെൻഷൻ, ഡികമ്പ്രസീവ് ക്രയിനെക്ടമി, എന്റാർട്ട്റെക്ടമി, തീവ്ര പരിചരണം തുടങ്ങിയവയെല്ലാം സംയോജിപ്പിച്ച് സമഗ്ര സ്ട്രോക്ക് സെന്ററാണ് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിരിക്കുന്നത്.

# എൻഎസ്ഇ:കമ്പനികളുടെ വിപണി മൂല്യം 5 ട്രില്യൺ ഡോളർ കടന്നു

**കൊച്ചി:** നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്ത കമ്പനികളുടെ വിപണി മൂല്യം 5 ട്രില്യൺ ഡോളർ കടന്നതായി (416.57 ട്രില്യൺ രൂപ) 2024 മെയ് 23ലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. നിഫ്റ്റി 50 സൂചിക എക്കാലത്തേയും ഉയർന്ന നിലയായ 22993.60ൽ എത്തിയതും ഇതേ ദിവസം തന്നെയാണ്.  നിഫ്റ്റി 500 സൂചികയും 21505.25 എന്ന എക്കാലത്തേയും ഉയർന്ന നിലയിലെത്തി. എൻഎസ്ഇയിലെ ഇന്ത്യൻ ലിസ്റ്റഡ് കമ്പനികളുടെ വിപണി മൂല്യം 2017 ജൂലൈയിലെ 2 ട്രില്യൺ ഡോളറിൽ നിന്നു 3 ട്രില്യൺ ഡോളറിലെത്താൻ (2021 മെയ്) 46 മാസമെടുത്തിരുന്നു. ഇത് 4 ട്രില്യൺ ഡോളറിലെത്താൻ വീണ്ടും 30 മാസവും (2023 ഡിസംബർ) എടുത്തു. അടുത്ത 1 ട്രില്യൺ ഡോളർ വളർച്ചയുമായി 5 ട്രില്യൺ ഡോളറിലെത്താൻ വെറും 6 മാസമാണ് വേണ്ടി വന്നത്. വിപണി മൂല്യത്തിൻറെ അടിസ്ഥാനത്തിൽ ഏറ്റവും മുകളിലുള്ള 5 കമ്പനികൾ റിലയൻസ് ഇൻഡസ്ട്രീസ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഭാരതി എയർടെൽ എന്നിവയാണ്. കഴിഞ്ഞ 10 വർഷങ്ങളിൽ നിഫ്റ്റി 50 സൂചിക 13.4 ശതമാനം സംയോജിത വാർഷിക വളർച്ചയാണു നേടിക്കൊടുത്തത്. ഇതേ കാലയളവിൽ ആഭ്യന്തര മ്യൂച്വൽ ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന ആസ്തികൾ 9.45 ട്രില്യൺ രൂപയിൽ നിന്ന് 506 ശതമാനം വർധിച്ച് 57.26 ട്രില്യൺ രൂപയിലെത്തി.  വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുടേത് 16.1 ട്രില്യൺ രൂപയിൽ നിന്ന് 345 ശതമാനം വർധിച്ച് 71.6 ട്രില്യൺ രൂപയിലും എത്തിയതായി എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെൻറ് ഓഫിസർ ശ്രീരാം കൃഷ്ണൻ പറഞ്ഞു. ലിസ്റ്റു ചെയ്ത കമ്പനികൾ, ട്രേഡിങ് അംഗങ്ങൾ, നിക്ഷേപകർ തുടങ്ങി ഇതുമായി ബന്ധപ്പെട്ട എല്ലാവരേയും ഈ സുപ്രധാന നാഴികക്കല്ലു പിന്നിടുന്ന വേളയിൽ താൻ അഭിനന്ദിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# മാർക്കോ ഇനി കൊച്ചിയിൽ

ഉണ്ണി മുകുന്ദൻ നായകനാക്കി ഹനീഫ് അദേനി തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന മാർക്കോ എന്ന ചിത്രത്തിന്റെ മൂന്നാർ ഷെഡ്യൂൾ പൂർത്തിയാക്കി കൊച്ചിയിലേക്ക് ഷിഫ്റ്റായി.ക്യൂബ്സ് എന്റെർടൈൻമെന്റിന്റെ ബാനറിൽ




ഷെരിഫ് മുഹമ്മദും ഉണ്ണി മുകുന്ദൻ ഫിലിംസും ചേർന്നു നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ചന്ദ്രു സെൽവരാജ് നിർവ്വഹിക്കുന്നു.പതിനഞ്ചു ദിവസത്തോളം നീണ്ടുനിന്ന മൂന്നാറിലെ ചിത്രീകരണത്തിൽ ചിത്രത്തിലെ നിർണ്ണായകമായ ത്രില്ലർ രംഗങ്ങളാണ് ചിത്രീകരിക്കപ്പെട്ടത്.ഒന്നരമാസക്കാലം കൊച്ചിയിലും പരിസരങ്ങളിലുമായി ഈ ചിത്രത്തിന്റെ ചിത്രീകരണമുണ്ടാകും.കൊച്ചി ഷെഡ്യൂൾ പൂർത്തിയാക്കിയാൽ ഉടൻ വിദേശ രംഗങ്ങൾ ചിത്രീകരിക്കുവാനായി പുറപ്പെടും. ഗ്രീസാണ് മറ്റൊരു ലൊക്കേഷൻ.സിദ്ദിഖ്, ജഗദീഷ്, ആൻസൺ പോൾ, കബീർ ദുഹാൻസിങ്, യുക്തിതരേജ, ദിനേശ് പ്രഭാകർ, ,മാത്യു വർഗീസ്, അജിത് കോശി, എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു. നടൻ ഷമ്മി തിലകന്റെ മകൻ അഭിമന്യുതിലകൻ, ഇഷാൻ ഷൗക്കത്ത് എന്നിവരെ ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നു.ഒപ്പം നിരവധി പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.പൂർണ്ണമായും ആക്ഷൻ ത്രില്ലർ,വയലൻസ് ചിത്രമായ 'മാർക്കോസ് 'സമീപകാല മലയാള സിനിമയിലെ ഏറ്റവും മികച്ച ആക്ഷൻ ചിത്രമായിരിക്കും.

ഇൻഡ്യൻ സ്ക്രീനിലെ ഏറെ ഹരമായ രവി ബസ്രൂർ ആണ് ഈ ചിത്രത്തിന്റെ സംഗീത സംവിധായകൻ.

എഡിറ്റിംഗ് ഷെമീർ മുഹമ്മദ്,കലാസംവിധാനം സുനിൽ ദാസ്, മേക്കപ്പ് സുധി സുരേന്ദ്രൻ,കോസ്റ്റ്യൂം ഡിസൈൻ ധന്യാ ബാലകൃഷ്ണൻ,സ്റ്റിൽസ് നന്ദു ഗോപാലകൃഷ്ണൻ,ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ സ്യമന്തക് പ്രദീപ്,പ്രൊഡക്ഷൻ എക്സിക്കുട്ടീവ് ബിനു മണമ്പൂർ,പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ,പ്രൊമോഷൻ കൺസൾട്ടന്റ് വിപിൻ കുമാർ മാർക്കറ്റിംഗ് 10ജി മീഡിയ,പി ആർ ഒഎ എ എസ് ദിനേശ്.



# ഇഷ്ടരാഗം

ആകാശ് പ്രകാശ്, പുതുമുഖം ആദിത്യ,കൈലാഷ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജയൻ പൊതുവാൾ കഥയെഴുതി സംവിധാനം ചെയ്യുന്ന'ഇഷ്ടരാഗം' എന്ന മ്യൂസിക്കൽ റൊമാന്റിക് ത്രില്ലർ എന്ന ചിത്രത്തിന്റെ ഓഡിയോ സിഡി പ്രകാശന കർമ്മം, തൃശൂർ പേൾ റീജൻസി ഹോട്ടലിൽ വെച്ച് നിർവ്വഹിച്ചു.ഗായകരായ മധു ബാലകൃഷ്ണൻ,സുധീപ് കുമാർ,നടൻ കൈലാസ് എന്നിവർ മുഖ്യാതിഥികളായിരുന്നു മെയ് 24 ന് സാഗാ ഇന്റർനാഷണൽ പ്രദർശനത്തിനെത്തിക്കുന്ന ഈ ചിത്രത്തിൽ ശ്രീകുമാർ മറിമായം, ഉണ്ണിരാജ്, വിവേക് വിശ്വം, ശ്രീജിത്ത് കൈവേലി, അമ്പിളി, സുമിത്ര രാജൻ,വേണു അമ്പലപ്പുഴ, അർജുൻ,ജലജ റാണി,രഘുനാഥ് മടിയൻ, ജീഷിൻ തുടങ്ങിയവരാണ് മറ്റു താരങ്ങൾ.ആകാശ് പ്രകാശ്

മ്യൂസിക്ക് ആന്റ് എന്റർടൈൻമെന്റ്സ്,എസ് ആർ ഫിലിംസ് എന്നിവയുടെ ബാനറിൽ പ്രകാശ് നായർ, സുരേഷ് രാമന്തളി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജി കെ രവികുമാർ നിർവ്വഹിക്കുന്നു.

തിരക്കഥ സംഭാഷണം ചന്ദ്രൻ രാമന്തളി എഴുതുന്നു. സുരേഷ് രാമന്തളിയുടെ വരികൾക്ക് വിനീഷ് പണിക്കർ സംഗീതം പകരുന്നു.വിജയ് യേശുദാസ്,വടുകിയമ്മ, അനിത വിനോദ്, ഹരിത ഹരീഷ്,ശിവപ്രിയ എന്നിവരാണ് ഗായകർ എഡിറ്റർ വിപിൻരവി,പ്രൊഡക്ഷൻ കൺട്രോളർ ഷാജി ഒലവക്കോട്, കല ബാലകൃഷ്ണൻ കൈതപ്രം, കോസ്റ്റ്യൂംസ്സുകേഷ് താനൂർ, മേക്കപ്പ് സുധാകരൻ ചേർത്തല കൊറിയോഗ്രഫി ക്ലിന്റ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ റിജു നായർ,

അസിസ്റ്റന്റ് ഡയറക്ടർ ദീപക് ശങ്കർ,ഷാൻ,ബിജിഎംപ്രണവ് പ്രദീപ്, കളറിസ്റ്റ് അലക്സ് വർഗീസ്, സ്റ്റിൽസ് വിദ്യാധരൻ, ഡിസൈൻ ദിനേശ് മദനൻ,സ്റ്റിൽസ് വിദ്യാധരൻ, പി ആർ ഒഎ എസ് ദിനേശ്.




# നജസ്സ്

## ചിലിയിലെ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ

നാടകകൃത്തും ചലച്ചിത്ര സംവിധായകനുമായ ശ്രീജിത്ത് പൊയിൽക്കാവ് സംവിധാനം ചെയ്ത 'നജസ്സ് 'എന്ന ചിത്രം ചിലിയിലെ സൗത്ത് ഫിലിം ആന്റ് അർട്ട് അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.മികച്ച നടൻ, സംവിധാനം,സംഗീതം,ഛായാഗ്രഹണം എന്നീ വിഭാഗങ്ങളിൽ അവാർഡിനുള്ള നോമിനോടുകൂടിയാണ് തിരഞ്ഞെടുപ്പ്.ഡോക്ടർ മനോജ് ഗോവിന്ദൻ,മുരളി നീലാംബരി എന്നിവർ ചേർന്നാണ് നജസ്സ് നിർമ്മിച്ചത്.കുവി എന്ന പെൺനായയാണ് ഈ ചിത്രത്തിൽ പ്രധാന വേഷം കൈകാര്യം ചെയ്തിട്ടുള്ളത്. കുവിക്കൊപ്പം ടിട്ടോ വിൽസൻ,സജിതാ മഠത്തിൽ, അമ്പിളി സുനിൽ,കൈലാഷ്,കുഞ്ഞിക്കണ്ണൻ ചെറുവത്തൂർ,മനോജ് ഗോവിന്ദൻ,മുഹമ്മദ് പേരാമ്പ്ര തുടങ്ങിയവരാണ് പ്രധാന വേഷത്തിൽ എത്തുന്നത്. ഛായാഗ്രഹണംവിപിൻ ചന്ദ്രൻ,സംഗീതം സുനിൽ കുമാർ പി കെ,എഡിറ്റിംഗ്രത്തിൻ രാധാകൃഷ്ണൻ, നിർമ്മാണ നിർവ്വഹണംകമലേഷ് കടലുണ്ടി.പി.ആർ.ഒ എ.എസ്.ദിനേശ്.

# മത്ത്

ടിനി ടോം, സന്തോഷ് കീഴാറ്റൂർ, ഐഷ് വിക, ഹരിഗോവിന്ദ് സഞ്ജയ്,ബാബു അന്നൂർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രഞ്ജിത്ത് ലാൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ' മത്ത് 'എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, കുഞ്ചാക്കോ ബോബൻ, ആസിഫ് അലി എന്നിവരുടെ ഒഫീഷ്യൽ പേജിലൂടെ റിലീസ് ചെയ്തു.




കണ്ണൂർ സിനിമ ഫാക്ടറിയുടെ ബാനറിൽ കെ പി അബ്ദുൾ ജലീൽ നിർമിക്കുന്ന ഈ ചിത്രത്തിൽ അശ്വിൻ,ഫൈസൽ, സൽമാൻ,യാര,ജെസ്ലിൻ,തൻവി,അപർണ്ണ, ജീവ,അർച്ചന തുടങ്ങിയവരും അഭിനയിക്കുന്നു.സിബി ജോസഫ് ഛായാഗ്രഹണം നിർവ്വഹിക്കുന്നു.അജി മുത്തത്തി, ഷംന ചക്കാലക്കൽ എന്നിവരുടെ വരികൾക്ക് സക്കറിയ ബക്കളം,റൈഷ് മർലിൻ എന്നിവർ സംഗീതം പകരുന്നു.എഡിറ്റർ മെന്റോസ് ആന്റണി,പ്രൊഡക്ഷൻ കൺട്രോളർ ദിലീപ് ചാമക്കാല,പ്രൊജക്ട് ഡിസൈനർഅജി മുത്തത്തി, പ്രൊഡക്ഷൻ കോ ഓഡിനേറ്റർ പ്രശോഭ് പയ്യന്നൂർ, കല ത്യാഗു തവന്നൂർ, മേക്കപ്പ് അർഷാദ് വർക്കല, വസ്ത്രാലങ്കാരം കുക്കു ജീവൻ, സ്റ്റിൽസ് ഇക്കുട്ട്സ് രഘു, പരസ്യകല അതുൽ കോൽഡ്ബ്രിവു, ചീഫ് അസോസിയേറ്റ് ഡയറക്ടർ മനോജ് കുമാർ സി എസ്, അസോസിയേറ്റ് ഡയറക്ടർ രതീഷ് കൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ രാഹുൽ, അജേഷ്, ഡി ഐ ലിജു പ്രഭാകർ, റീ റിക്കോർഡിംഗ് മണികണ്ഠൻ അയ്യപ്പ, വിഎഫ്എകസ് ബേബി തോമസ്, ആക്ഷൻഅഷറഫ് ഗുരുക്കൾ, സൗണ്ട് ഡിസൈൻ രാജേഷ്, സൗണ്ട് മിക്സിംഗ് ഗണേഷ് മാരാർ, ഫിനാൻസ് കൺട്രോളർ ശ്രീജിത്ത് പൊങ്ങാടൻ, പി ആർ ഒഎ എസ് ദിനേശ്.

# മണപ്പുറം ഫിനാൻസിന് 2198 കോടി രൂപയുടെ അറ്റാദായം

കൊച്ചി: ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ മണപ്പുറം ഫിനാൻസ് ലിമിറ്റഡിന് 2023 2024 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷം 47 ശതമാനം വാർഷിക വർധനവോടെ 2198 കോടി രൂപയുടെ സംയോജിത അറ്റാദായം. 2024 മാർച്ച് 31ന് അവസാനിച്ച നാലാം പാദത്തിൽ കമ്പനിയുടെ അറ്റാദായം 35.7 ശതമാനം ഉയർന്നു 564 കോടി രൂപയായി. മുൻ വർഷമിതു 415 കോടി രൂപയായിരുന്നു.കമ്പനിയുടെ ആസ്തി മൂല്യം 18.7 ശതമാനമുയർന്നു 42,070 കോടി രൂപയിലെത്തി. മുൻ വർഷമിതു 35,428 കോടി രൂപയായിരുന്നു. കമ്പനിയുടെ വാർഷിക പ്രവർത്തന വരുമാനം 32 ശതമാനം ഉയർന്നു 8848 കോടി രൂപയായി. മുൻ വർഷം 6697 കോടി രൂപയായിരുന്നു. രണ്ടു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1 രൂപ നിരക്കിൽ ഇടക്കാല ലാഭവിഹിതം വിതരണം ചെയ്യാനും കമ്പനി ഡയറക്ടർമാരുടെ ബോർഡ് യോഗം തീരുമാനിച്ചു.

കമ്പനിക്കു കീഴിലുള്ള ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡിന്റെ ആസ്തി ഈ സാമ്പത്തിക വർഷം 18 ശതമാനം വർധിച്ച് 11881 കോടി രൂപയിലെത്തി ബിസിനസിൽ മികച്ച വളർച്ചയാണ് നേടിയത്. 69 ശതമാനമെന്ന മികച്ച വളർച്ചയോടെ കമ്പനിയുടെ വാഹന ഉപകരണ വായ്പാ വിഭാഗം സാമ്പത്തിക വർഷത്തെ ആസ്തി മൂല്യം 4111 കോടി രൂപയിലെത്തിച്ചു. ഭവന വായ്പാ വിഭാഗമായ മണപ്പുറം ഹോം ഫിനാൻസ് ആസ്തി മൂല്യത്തിൽ 38 ശതമാനമാണ് വാർഷിക വളർച്ച നേടിയത്.

ആസ്തി ഇത്തവണ 1510 കോടി രൂപയിലെത്തി. കമ്പനിയുടെ മൊത്തം വായ്പാ ബിസിനസിൽ 49 ശതമാനവും സ്വർണ ഇതര ബിസിനസിൽ നിന്നാണ്.2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിയുടെ സംയോജിത അറ്റ മൂല്യം 11548 കോടി രൂപയാണ്. കമ്പനിയുടെ ഓഹരിയുടെ ബുക്ക് വാല്യൂ 136.4 രൂപയും പ്രതി ഓഹരിയിൽ നിന്നുള്ള സംയോജിത വരവ് 26 രൂപയുമാണ്. മൂലധന പര്യാപ്തതാ അനുപാതം 30.6 ശതമാനമെന്ന ഉയർന്ന തോതിൽ തന്നെ നിലനിർത്തി.

അറ്റ നിഷ്ക്രിയ ആസ്തി 1.70 ശതമാനവും മൊത്ത നിഷ്ക്രിയ ആസ്തി 1.93 ശതമാനവുമാണ്.സാമ്പത്തിക വർഷത്തിൽ അറ്റാദായം ശ്രദ്ധേയമായ വളർച്ച കൈവരിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് മണപ്പുറം ഫിനാൻസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ വി.പി. നന്ദകുമാർ പറഞ്ഞു.സ്വർണ വായ്പാ ഇതര വിഭാഗങ്ങളായ മൈക്രോ ഫിനാൻസ്, വാണിജ്യ വാഹന, ഭവന വായ്പാ വിഭാഗങ്ങളുടെ മികച്ച പ്രകടനം പ്രോത്സാഹജനകമാണ്. പ്രധാന ബിസിനസ് ആയ സ്വർണ വായ്പയിലും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കാര്യമായ വളർച്ച നേടിയിട്ടുണ്ട്. ഈ മികച്ച വളർച്ചാനിരക്ക് നിലനിർത്തുക മാത്രമല്ല, വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെടുത്താനാകുമെന്നതിൽ സംശയമില്ലെന്നും വി.പി. നന്ദകുമാർ പറഞ്ഞു.

# അബ്ദുള്ള മാളിയേക്കൽ ഇന്റർ നാഷണൽ കൈറ്റ് ഫെഡറേഷൻ എക്സിക്യൂട്ടീവംഗം



കോഴിക്കോട്: ഇന്റർനാഷണൽ കൈറ്റ് സംസ്ഥാന ഫെഡറേഷൻ എക്സിക്യൂട്ടീവംഗമായി ഇന്ത്യയെ പ്രതിനിധീകരിച്ച് വൺ ഇന്ത്യ കൈറ്റ് ടീം ക്യാപ്റ്റനും, ഫൗണ്ടറുമായ അബ്ദുള്ള മാളിയേക്കലിനെ തിരഞ്ഞെടുത്തതായി ഇന്റർ നാഷണൽ പ്രസിഡണ്ട് സു ലൈക്ക് പത്രക്കുറിപ്പിൽ അറിയിച്ചു.

193 രാജ്യങ്ങളിൽ കൈറ്റിന്റെ (പട്ടം പറത്തൽ) പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും, ഏകോപിപ്പിക്കുകയും അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന സംഘടനയാണ് ഇന്റർ നാഷണൽ കൈറ്റ് ഫെഡറേഷൻ.

33 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നത്.

ലോകത്ത് 42 വർഷമായി കൈറ്റ് ചാമ്പ്യൻഷിപ്പ് നടത്തുന്നത് ഈ സംഘടനയാണ്.ചൈനയിലെ വൈഫാങ്ങാണ് സംഘടനയുടെ ആസ്ഥാനം. കഴിഞ്ഞ 20 വർഷത്തോളമായി കൈറ്റിന്റെ ട്രെയിനിംങ്ങിലും, ഗവേഷണത്തിലും, മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലും സജീവ സാന്നിധ്യമാണ് അബ്ദുള്ള മാളിയേക്കൽ. രാജ്യത്ത്ഡൽഹി, രാജസ്ഥാൻ ഗുജറാത്ത്,തെലുങ്കാന, കർണ്ണാടക, കൽക്കത്ത എന്നിവിടങ്ങളിൽ നടക്കുന്ന കൈറ്റ് മത്സരങ്ങളുടെ മുഖ്യ സംഘാടകനുമാണ്.



# ക്രിപ്റ്റോ ട്രേഡിങ്: സാധ്യതകൾ അവതരിപ്പിച്ച് ഇ കാന മാർജിൻ ട്രേഡ്

കണ്ണൂർ: ക്രിപ്റ്റോ കറൻസിയിലെ നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്തുന്നതിന് ഇ കാന മാർജിൻ ട്രേഡ് സെമിനാർ സംഘടിപ്പിച്ചു. ഇ കാന കോയിൻ ഡിജിറ്റൽ അസറ്റ് ആൻഡ് വെൽത്ത് മാനേജ്മെന്റാണ് ഇ കാന മാർഡിൻ ട്രേഡിന്റെ പ്രൊമോട്ടർമാർ. കുറഞ്ഞ നിക്ഷേപത്തിലും മാസങ്ങൾക്കുള്ളിൽത്തന്നെ ഉയർന്ന ആദായമാണ് ഈ മേഖലയിൽ ലഭിക്കുകയെന്ന് കമ്പനി വക്താക്കൾ സെമിനാറിൽ പറഞ്ഞു. ഇവയ്ക്കു പുറമെ ആകർഷക ഓഫറുകളും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു നിശ്ചിത തുകയ്ക്ക് ഇ കാന ഡിജിറ്റൽ അസ്സറ്റുകൾ വാങ്ങിയാൽ നിക്ഷേപകർക്ക് മാർജിൻ ട്രേഡ് അക്കൗണ്ട് തുറക്കാം. ക്രിപ്റ്റോ ട്രേഡിങ്ങ് രംഗത്തെ വിദഗ്ധർ, ഇ കാന മാർക്കറ്റിംഗ് ഹെഡ് അരുൺലാൽ ടി എൽ, മാർക്കറ്റിംഗ് മാനേജർ ഹരിത കുറുപ്പ്, മാർക്കറ്റിംഗ് ഓർഗനൈസർ അബിൻ ജോസഫ് മാർക്കറ്റിംഗ് ഓർഗനൈസർ എന്നിവർ സെമിനാറിൽ പങ്കെടുത്തു. ഇ കാന ടീമിലെ മികച്ച് പെർഫോർമാരെ ചടങ്ങിൽ ആദരിച്ചു.

